**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 473** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മ കുറഞ്ഞ ശർക്കര കൊണ്ടുവരുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും ഗുണമേന്മ കുറഞ്ഞ ശർക്കര സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്നത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗുണമേന്മ കുറഞ്ഞ ശർക്കര സംസ്ഥാനത്ത് എത്തുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് ഗുണനിലവാരമുള്ളതും മായം കലരാത്തതുമായ ശർക്കര വിപണിയിൽ ലഭ്യമാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ശക്തമായ പരിശോധനകളും നടപടികളും നടത്തി വരുന്നു. ശർക്കര ഉൽപ്പാദന വിതരണ വിപണന കേന്ദ്രങ്ങളിലും ചെക്ക്പോസ്റ്റുകളിലും ഭക്ഷ്യ സുരക്ഷാ വിഭാഗം പരിശോധനകൾ നടത്തുകയും സ്റ്റാറ്റ്യൂട്ടറി/ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു വരുന്നു. പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത ഉൽപ്പന്നം മാർക്കറ്റിൽ നിന്നും പിൻവലിക്കുന്നതിനുള്ള നടപടികളും ചെയ്ത് വരുന്നു. **Operation Jaggery** എന്ന പേരിലുള്ള സ്പെഷ്യൽ ഡ്രൈവ് മുഖേനയും ദൈനംദിന പരിശോധനകളുടെ ഭാഗമായും ഈ മേഖലയുമായി ബന്ധപ്പെട്ട് നിരന്തരമായ നടപടികൾ **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം സ്വീകരിച്ച് വരുന്നു.<br><br>**2023** ഏപ്രിൽ മുതൽ നാളിതുവരെ ശർക്കരയുടെ **494** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **765** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട് . ടി പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ **67** പ്രോസിക്യൂഷൻ കേസുകളും |

| | | | |
|---|---|---|---|
| | | | **24** അഡ്ജ്യൂഡിക്കേഷൻ കേസുകളും വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ